ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, കഴിയുന്നതും വേഗം യോഗം വിളിക്കാം. അവരൊക്കെ സേവനം ചെയ്യുന്നവരാണ്. ആ സംഘടനയിൽ പ്രവർത്തിക്കുന്നവരൊക്കെ നല്ല മനസ്സുള്ളവരാണ്. ഈ പദ്ധതികളെപ്പറ്റി അവരോട് വിശദീകരിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാം.

(2) ക്ഷീരകർഷകർക്ക് ക്ഷേമനിധിയും പെൻഷനും നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ക്ഷേമനിധിയും പെൻഷനും നടപ്പാക്കുന്നതിന്റെ ആവശ്യകതയിലേയ്ക്ക് രണ്ടാം പ്രാവശ്യമാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കഴിഞ്ഞ പ്രവശ്യം ശ്രദ്ധ ക്ഷണിച്ച പ്പോൾ മന്ത്രിയോ സഭയോ അത് ശ്രദ്ധിക്കപ്പെടാതെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ സഭ പിരിഞ്ഞ് മറുപടി ലഭിക്കാതെ പോയി. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്ക് ഒരുപോലെ താത്പര്യമുള്ള വിഷയമാണിത്. 'പശുവിന് പലനിറം പാലിന് ഒരു നിറം' എന്നു പറഞ്ഞപോലെ ഈ സഭയ്ക്ക് ഇത് നടപ്പിലാക്കാൻ പൊതു താൽപ്പര്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് 15 ലക്ഷത്തോളം ക്ഷീര കർഷകർ ഉണ്ട്. 1980 മുതൽ ഈ രംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടായി. ശ്രീമതി കെ. ആർ. ഗൗരിയമ്മ കേരളത്തിന്റെ അമ്മ എന്ന നിലയിൽ ആ പേര് അന്വർത്ഥമാക്കാൻ കേരളത്തിന്റെ പോറ്റമ്മയായി കേരള മക്കളെ പാലൂട്ടുന്ന പശ്ചാത്തലമുണ്ടായത് മന്ത്രിയുടെ മുൻജന്മ പുണ്യമായിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ദീർഘമായ 18 വർഷക്കാലം ഈ പ്രസ്ഥാനത്തെ നയിക്കുകയും, വളർത്തുകയും, ഉയർത്തുകയും ചെയ്തശേഷം പിൻവാങ്ങിയ ഒരാളെന്ന നിലയിൽ, കേരളത്തിലെ പല മുൻമന്ത്രിമാരും ഇപ്പോൾ ശ്രീമതി കെ. ആർ. ഗൗരിയമ്മ തന്നെയും പെൻഷൻ പദ്ധതി പല പ്രാവശ്യം വാഗ്ദാനം നടത്തിയെങ്കിലും യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ പ്രാവർത്തികമാക്കുമെന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മ പറഞ്ഞു. എന്നാൽ ഇത് സംബന്ധിച്ച ഒരു ബിൽ കൊണ്ടുവരുന്നതിനുള്ള പശ്ചാത്തല സംവിധാനംപോലും ഉണ്ടാക്കിയിട്ടില്ല. മന്ത്രിയെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഇത് നടപ്പിലാക്കാതിരിക്കാൻ മുന്നോട്ടുപോകുകയാണ്. ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ നാളികേര കർഷകരിൽ നിന്നും സംസ്ഥാനത്തിന് ഉണ്ടാകുന്ന GDP യേക്കാൾ കൂടുതൽ വരുമാനം പാലിലൂടെയുണ്ടാകും. നമ്മുടെ സംസ്ഥാനത്തെ ചെറുകിട വൻകിട റബ്ബർ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിൽ നിന്നുണ്ടാകുന്ന GDP യേക്കാൾ കൂടുതൽ തുക പാവപ്പെട്ടവന്റെ ഈ ഉത്പ്പന്നം കൊണ്ട് ലഭ്യമാകുന്നു. ഈ സാഹചര്യം കണക്കിലെടുക്കുമ്പോൾ 1980 മുതൽ മുൻപോട്ടുള്ള ക്രമാനുഗതമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വളർച്ചയും ഇന്നുണ്ടായിരിക്കുന്ന തളർച്ചയും കാണേണ്ടതാണ്. നമ്മുടെ സംസ്ഥാനത്ത് 2004-ൽ നടത്തിയ Cattle survey അനുസരിച്ച് കന്നുകാലികളുടെ എണ്ണത്തിൽ 24% കുറവുണ്ടായി. നമ്മുടെ ലോകത്തിൽ ഒറ്റപശുവിനെ വളർത്തുന്ന ഏക സംസ്ഥാനം കേരളം ആണ്. നമുക്ക് 1.1 പശുവുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് വളരെ കുറഞ്ഞിരിക്കുന്നു. മിൽമ ഇപ്പോൾ 8 ലക്ഷം ലിറ്റർ പാലാണ് വിതരണം ചെയ്യുന്നത്. കേരളക്കരയിൽ വിൽക്കുന്ന 15 ലക്ഷം ലിറ്റർ പാലിൽ 8 ലക്ഷമോ 10 ലക്ഷമോ മാത്രമേ കേരളത്തിൽ ഉത്പാദിപ്പിക്കുന്നുള്ളു. ബാക്കി അന്യ സംസ്ഥാനത്തുനിന്നു കൊണ്ടുവരുന്നതാണ്. എൻട്രി ടാക്സ് ഏർപ്പെടുത്തി, എൻട്രി ടാക്സിൽ നിന്ന് എന്തുവരുമാനമുണ്ടായി എന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്കറിയാം. ഈ രംഗത്ത് കർഷകരെ സഹായിക്കാനും സംരക്ഷിക്കാനും കഴിഞ്ഞില്ലായെങ്കിൽ പാലിന്റെ കാര്യത്തിൽപ്പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടാകും. അതിന് മാറ്റം ഉണ്ടാകണം. കേരളത്തിൽ ഉൽപാദന ഉപാധികളുടെ വില കുറയ്ക്കണം. ഉൽപാദന ചെലവിന് അനുസരിച്ച് ഉൽപ്പന്നത്തിന് വിലയും വിപണിയും ഉറപ്പുവരുത്താൻ കഴിഞ്ഞതുകൊണ്ടാണ് എനിക്ക് മിൽമ എന്ന പ്രസ്ഥാനത്തെ വളർത്തി വലുതാക്കാൻ കഴിഞ്ഞത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ കർഷകരുടെ എണ്ണം കുറഞ്ഞുവരുന്നു, ഉൽപാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നു. ജനറ്റിക് എൻജിനീയറിംഗിൽ ലോകത്തിലെ പല രാഷ്ട്രങ്ങളും നല്ല വർഗ്ഗ പശുക്കളെ കണ്ടെത്തി മുന്നോട്ടുപോകുമ്പോൾ KLD Board പോലുള്ള വിശ്വപ്രസിദ്ധമായ സ്ഥാപനം കാലോചിതമായ അതിന്റെ ദൗത്യം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുന്നു. നല്ല കാലിത്തീറ്റ ലഭിക്കുന്നില്ല; നല്ല പാൽ ലഭിക്കുന്നില്ല; നല്ല പാൽ ആവശ്യാനുസരണം വിതരണം നടത്താൻ മിൽമയ്ക്കുപോലും കഴിയുന്നില്ല. ഈ സാഹചര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ആദ്യമായി കേരളത്തിലെ ക്ഷീര കർഷകരെ സംരക്ഷിക്കണം. ഉൽപാദന ചെലവിനനുസരിച്ച് ഉൽപ്പന്നത്തിന് വിലയും വിപണിയും ഉണ്ടാക്കിയാൽ മാത്രം പോരാ. ക്ഷീര കർഷകരെ ഇന്നലെ വരെ കന്നാലിക്കാർ എന്ന് വിളിച്ചിരുന്ന സ്ഥാനത്ത് ക്ഷീര കർഷകൻ എന്ന മനോഹരമായ പേര് നൽകുന്നതിന് പത്തുപതിനെട്ടു വർഷക്കാലം അതിനു വേണ്ടി പരിശ്രമിച്ച ഒരാളെന്ന നിലയിൽ ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒന്നുരണ്ടുകാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ധാരാളം ക്ഷേമപദ്ധതികൾ ഉണ്ട്. ആ ക്ഷേമപദ്ധതികൾ പലതും അർഹരെ ഒഴിവാക്കി രാഷ്ട്രീയ പ്രേരണ അനുസരിച്ച് ആ രംഗത്ത് ഇഷ്ടക്കാരായ ആൾക്കാരെ കണ്ടെത്തി അവർക്ക് കൊടുക്കുന്ന സാഹചര്യമുണ്ട്. അംശദായത്തിന്റെ 50% തൻചെലവുകൾക്കായി വിനിയോഗിക്കുന്ന സാഹചര്യമുണ്ട്. അങ്ങനെയുള്ള അന്തരീക്ഷത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്കും സംസ്ഥാനത്തിനും

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ ഉറപ്പ് ഈ മന്ത്രിസഭയുടെ കാലഘട്ടത്തിൽ തന്നെ പ്രാവർത്തികമാക്കാനുള്ള ബാധ്യത, ധാർമ്മിക ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിക്ക് ഉണ്ട്. ഇതിന് നിയമം നിർമ്മിക്കുന്നത് അപ്രാപ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. 18 വർഷക്കാല ത്തിനിടയിൽ ഈ സംസ്ഥാനം ഭരിക്കുന്ന പ്രഗത്ഭരായ I.A.S. കാർ ശ്രീ. എസ്. സുന്ദരേശൻ മുതൽ ശ്രീ. ബിശ്വാസ് മേത്തയടക്കം ഈ സംസ്ഥാനം ഭരിക്കുന്ന 12 ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ ഓരോ കാലഘട്ടത്തിൽ മിൽമയുടെ എം.ഡി. മാരായിരുന്നു. അവർ അതിനെ സംബന്ധിച്ച് പരിചയ സമ്പന്നരാണ്. നമ്മുടെ ഫിനാൻസ് സെക്രട്ടറി ശ്രീ. ജോസ് സിറിയക്ക്, ശ്രീ. ഭരത്ഭൂഷൺ, ശ്രീ. അൽഫോൺസ് കണ്ണന്താനം ഇവരൊക്കെ ഈ രംഗത്തെ സംബന്ധിച്ച് പരിചയസമ്പന്നരാണ്. അങ്ങ നെയുള്ള പരിചയ സമ്പന്നരും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്താൽ ഒരു ദിവസ ത്തിനുള്ളിൽ ഇതിനാവശ്യമായ ബില്ലിന് രൂപം നൽകാം.

സർ, ഈ കാര്യത്തിൽ ഗവൺമെന്റിന്റേതായ കോർപ്പസ് ഫണ്ട് വേണ്ടതില്ല. അംശദായം എന്ന നിലയിൽ കേരളത്തിലെ ക്ഷീര കർഷകർ ഒരു ചെറിയ തുക വിനിയോഗിക്കണം. കേരളത്തിലെ ക്ഷീരസംഘങ്ങൾ ഒരു ചെറിയ തുക വിനിയോഗിക്കണം. ഒരു മേഖലാ ക്ഷീരോൽപ്പാദക യൂണിയൻ പ്രതിവർഷം 20 ലക്ഷം രൂപയാണ് ക്ഷേമപദ്ധതികൾക്കുവേണ്ടി കൊടുക്കുന്നത്. മൂന്ന് മേഖലാ യൂണിയനും മിൽമയും വിചാരിച്ചാൽ ഒരു കോടി രൂപ ഒരു വർഷം എടുക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് കന്നുകാലി തീറ്റ വിൽക്കുന്നവർ, അത് മിൽമയാണെങ്കിലും ശരി, കേരളാ ഫീഡ്സാണെങ്കിലും ശരി അല്ലെങ്കിൽ കന്നുകാലിത്തീറ്റ വിൽക്കുന്ന ഇതര ഏജൻസിയാണെങ്കിലും ശരി അവരിൽ നിന്ന് ഒരു ഓഹരി സമ്പാദിക്കണം. പാൽ വിതരണം നടത്തുന്ന 40 ഏജൻസികൾ കേരളത്തിലുണ്ട്. അവരിൽ നിന്ന് ഒരു തുക ശേഖരിക്കണം. ഇതൊന്നുമല്ലെങ്കിലും ഗവണ്മെന്റിന്റേതായ കോർപ്പസ് ഫണ്ട് ഉണ്ടാക്കുന്നതിന്, നിലവിലുള്ള സംവിധാനമനുസരിച്ച് സംഘങ്ങളുടെ കരുതൽ ധനം 15% ആണ്. ഞാൻ ഒരു സംഘത്തിന്റെയും കരുതൽ ധനം ഇതിനുവേണ്ടി, കോർപ്പസ് ഫണ്ടായി വിനിയോഗിക്കണമെന്നു പറയുന്നില്ല. ഞാൻ ഒരു സത്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് 14 ജില്ലാ സഹകരണ ബാങ്കുകളിൽ ക്ഷീരസംഘ കരുതൽ ധനനിക്ഷേപമായി ഇന്ററസ്റ്റില്ലാതെ, സംഘങ്ങൾക്ക് തിരിച്ചെടുക്കാൻ കഴിയാതെ, നാലു കോടി രൂപയുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും സഹകരണവകുപ്പുമന്ത്രിയും ബന്ധപ്പെട്ട സെക്രട്ടറിയുമായി ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് ചർച്ചചെയ്താൽ അത് കോർപ്പസ് ഫണ്ടാക്കി മാറ്റാൻ കഴിയും. അക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പു തരുന്നു. പരിചയ സമ്പന്നൻ എന്ന നിലയിൽ ഈ രംഗത്ത് യാതൊരു വിധ ടി.എ.-യുമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഓണറേറിയമില്ലാതെ രണ്ടോ മൂന്നോ മാസക്കാലം കൊണ്ട് ബില്ലിന് രൂപം നൽകാം. എന്റെ എളിയ സേവനം ഇതിനുവേണ്ടി വിനിയോഗിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണെങ്കിൽ ഞാൻ സന്നദ്ധമാണ്. ഇതിനാവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുന്നതിന് കാലതാമസം ഉണ്ടായിക്കൂടാ. ഞാൻ നേരത്തെ പറഞ്ഞതുപോലെ, കേരളത്തിന്റെ അമ്മ എന്ന നിലയിൽ, കേരളമക്കളെ പാലൂട്ടുന്ന അമ്മ എന്ന നിലയിൽ കേരളക്കര എന്നും ഓർക്കണമെങ്കിൽ.... 1980-ൽ കേരളത്തിലെ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ ഞാൻ അവതരിപ്പിച്ച അവസരത്തിൽ എന്റെ മൈക്ക് പിടിച്ചുവാങ്ങി "ഞാൻ കൽക്കട്ടാ തീസിസ് കണ്ടവളാണ്, എന്നെ വിരട്ടേണ്ടാ" എന്നു പറഞ്ഞ ശ്രീമതി ഗൗരിയമ്മ തന്നെയാണ് കേരളത്തിലെ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിച്ചത് എന്ന് വിശ്വസിക്കുന്നു. ആ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ഇതു നടപ്പിലാക്കാനുള്ള അടിയന്തിര നടപടികൾ എടുക്കണം.

സർ, പ്രഖ്യാപനമല്ല, പ്രവൃത്തിയാണ് ആവശ്യം. ആ പ്രവൃത്തിയുണ്ടാകണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഇക്കാര്യങ്ങളിൽ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (*ശ്രീമതി കെ. ആർ. ഗൗരിയമ്മ*): സർ, ഗവണ്മെന്റ് പ്രഖ്യാപിച്ച ക്ഷീരകർഷകരുടെ ക്ഷേമനിധിയും പെൻഷനും അടിയന്തിരമായി പ്രാവർത്തികമാക്കേണ്ട ആവശ്യകതയെ സംബന്ധിച്ചാണ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ സഭയുടേയും ഗവണ്മെന്റിന്റേയും ശ്രദ്ധ ക്ഷണിച്ചത്. അദ്ദേഹം ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഞാൻ എല്ലാ കാര്യങ്ങളും നോക്കി വന്നിട്ടില്ല. ക്ഷീരസംഘങ്ങൾ മുഖേന പാൽ വിൽക്കുന്ന ക്ഷീര കർഷകരും അല്ലാത്ത ക്ഷീര കർഷകരും ധാരാളമുണ്ട്. ഗവണ്മെന്റിന്റെ കണക്കനുസരിച്ച് ഏതാണ്ട് 14 ലക്ഷം ക്ഷീര കർഷകരുണ്ട്. രണ്ടു ലക്ഷം ക്ഷീര കർഷകരാണ് സഹകരണ മേഖലയിൽ ഉള്ളത്. ഗവണ്മെന്റ് ആഗ്രഹിക്കുന്നതും ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും കോ-ഓപ്പറേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്നതായിട്ടുള്ള ക്ഷീര കർഷകരെ സംബന്ധിച്ചും സ്ഥിരമായി പാൽക്കച്ചവടം കൊണ്ട് ജീവിക്കുന്ന കർഷകരെ സംബന്ധിച്ചും ഒരു നിയമനിർമ്മാണം ഉണ്ടാക്കണമെന്നാണ്. അതിന്റെ ഡ്രാഫ്റ്റായിട്ടുണ്ട്. അതിൽ കുറേ പുരോഗതി വന്നിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ ഈ സമ്മേളനത്തിൽ നിയമ നിർമ്മാണം നടത്താൻ കഴിയില്ല. നിയമനിർമ്മാണം നടത്തുകയില്ല എന്നല്ല പറയുന്നത്. നടത്തും. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നേരാണ്. കേരളത്തിൽ കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ ജീവിക്കുന്നത് പശുവിനെ വളർത്തിയാണ്. ക്ഷീര കർഷകരാണ് ഏറ്റവും കൂടുതലുള്ളത്.

10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

15 ലക്ഷത്തോളം ക്ഷീരകർഷകരുണ്ട്. അവർക്ക് ആശ്വാസം കൊടുക്കാൻ, അതിനാവശ്യമായ നടപടി ഗവൺമെന്റ് എടുക്കുന്നതാണ് എന്ന് നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ബിൽ ഡ്രാഫ്റ്റായി. ചില സാങ്കേതിക കാരണങ്ങളാൽ അതു നിയമസഭയിൽ അവതരിപ്പിക്കാൻ ഇപ്പോൾ സാധിക്കാതെ വന്നിരിക്കുകയാണ്. അതു ചർച്ച ചെയ്ത് വേഗം നിയമസഭയിൽ അവതരിപ്പിക്കുകയോ അല്ലെങ്കിൽ ഓർഡിനൻസ് ആക്കിയോ അതിവേഗം നടപ്പിലാക്കാനുള്ള നടപടികൾ എടുക്കാം. ഈ നിയമനിർമ്മാണം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഡയറി വകുപ്പു മുഖാന്തിരം തന്നെയാണ്. അല്ലാതെ ഒരു പ്രത്യേക വിഭാഗമോ മറ്റോ വേണമെന്നില്ല. അതിൽ ശ്രീ. പ്രയാർ ഗോപാലകൃഷ്ണനെപ്പോലുള്ള ആളുകളുടെ സേവനം തരാൻ, തയ്യാറെന്നു പറഞ്ഞതിൽ കൃതജ്ഞതയുണ്ട്. 1980-ൽ മിൽമ വന്ന കാലത്ത് മിൽമ സഹകരണസംഘങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ, ഞാൻ അന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മന്ത്രിയായിരുന്നു. അന്ന് സംഘങ്ങളുണ്ടാക്കാൻ ശ്രീ. ഗോപാലകൃഷ്ണൻ ശ്രമങ്ങൾ നടത്തിയിരുന്നപ്പോൾ അതിന് ഞാൻ സഹായം നൽകിയിട്ടേയുള്ളൂ. അതിനുള്ള നടപടികളിലേക്ക് വന്നപ്പോൾ ഞാൻ അന്ന് സഹകരിച്ചിട്ടേയുള്ളൂ. എതിർത്തിട്ടില്ല. എന്നിട്ടും അന്ന് എന്റെ പാർട്ടി വേറെയാണ്. ശ്രീ. ഗോപാലകൃഷ്ണനാണ് സഹകരണസംഘങ്ങൾ കെട്ടിപ്പെടുക്കാൻ പ്രവർത്തിച്ചത്. ഇന്നും ആ സഹായം സ്വീകരിക്കാൻ തയ്യാറാണ്. ഈ നിയമം കൊണ്ടുവരാനും പാസ്സാക്കാനുമുള്ള നടപടികൾ എന്റെ ഭാഗത്തു നിന്നും തീർച്ചയായിട്ടും ഉണ്ടാകും. അതിന് കാത്തിരിക്കേണ്ട കാര്യമില്ല. ചെറിയ സാങ്കേതിക തർക്കങ്ങളുണ്ട്. ആ തർക്കങ്ങൾ തീർത്ത് അധികം താമസിയാതെ നിയമ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ആശാവഹമായ മറുപടിയാണ് പറഞ്ഞത്. ഇനിയും 10 മാസം കൂടിയാണ് ഈ ഭരണത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് തുടരാൻ അവസരമുള്ളത്. എന്ന് ഇത് നടപ്പിലാക്കുമെന്നുള്ള ഒരു പ്രഖ്യാപനം നടത്താൻ, ഒരു തീയതി നിശ്ചയിക്കാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഈ സഭ തുടങ്ങുന്നതിനു മുമ്പ് ഓർഡിനൻസാക്കിക്കൊണ്ടുവരണമെന്ന് ആഗ്രഹിച്ചാണ് നിയമം ഡ്രാഫ്റ്റ് ചെയ്തത്. ചില സാങ്കേതിക കാരണങ്ങളാലാണ് മാറ്റി വച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർഡിനൻസാക്കുമെന്നു പറഞ്ഞതാണ്. മുഖ്യമന്ത്രിയുടെ സഹായത്തോടുകൂടി അധികം താമസിയാതെ ഇത് നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly